## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.342 03.03.2020-ൽ മറുപടിക്ക്
### സ്വർണ്ണക്കടകളിലെ കച്ചവടത്തിന് ബിൽ നൽകാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.യു.ആർ.പ്രദീപ് | | ഡോ. ടി.എം. തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പല ജ്വല്ലറികളിലും സ്വർണ്ണാഭരണങ്ങൾ ബില്ലുകൾ നൽകാതെ കച്ചവടം നടത്തുന്നുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പല ജ്വല്ലറികളിലും സ്വർണ്ണാഭരണങ്ങൾ ബില്ലുകൾ നൽകാതെ കച്ചവടം നടത്തുന്നുണ്ട് എന്ന് പരാതി ലഭിച്ചിട്ടുണ്ട്. |
| (ബി) | സ്വർണ്ണക്കടകളിൽ ബില്ലുകൾ നൽകിയും നിയമ വിധേയമായും ആണ് കച്ചവടം നടക്കുന്നത് എന്ന് ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് ജി.എസ്.ടി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | ഈ മേഖലയിലെ നികുതി ചോർച്ച തടയുന്നതിലേക്കായി ജി.എസ്.ടി. കൗൺസിൽ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സിനെ രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഇ-ഇൻവോയ്സിങ് സംവിധാനം ഈ മേഖലയിൽ നടപ്പിലാക്കിയാൽ ഒരു പരിധി വരെ നികുതി വെട്ടിപ്പ് തടയുവാനാകും. ചരക്കുസേവന നികുതി വകുപ്പ് ഇന്റലിജൻസ് സ്ക്വാഡിന്റെ കട പരിശോധനയിലൂടെയും ബില്ല് പരിശോധനയിലൂടെയും ടെസ്റ്റ് പർച്ചേസിലൂടെയും സ്വർണ്ണവ്യാപാര മേഖലയിലെ നികുതി വെട്ടിപ്പ് തടയുവാനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.